**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3819** **27-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി- ശബരി റെയിൽ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി-ശബരി റെയിൽ പാതയുടെ പകുതി ചെലവ് കിഫ്ബി വഴി നിർവഹിക്കാം എന്ന് സമ്മതിച്ച് സംസ്ഥാന സർക്കാർ 2021-ൽ കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ഉറപ്പിൽ നിന്നും സംസ്ഥാന സർക്കാർ നിലവിൽ പിന്മാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് 2021 സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അക്കാര്യം റയിൽവേയെ അറിയിക്കുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. ആദ്യം അംഗീകരിച്ച തുകയെക്കാൾ 1000 കോടിയോളം രൂപ അധികം വരുന്നതാണ് പുതുക്കിയ എസ്റ്റിമേറ്റ്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാരിന് ഉണ്ടായ വീഴ്ചയാണ് ഈ വർദ്ധനവിന് കാരണം. പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന്മേൽ പകുതി ചെലവ് വഹിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | ശബരി റെയിൽ പദ്ധതിയുടെ പകുതി തുക മുടക്കാൻ സമ്മതപത്രം നൽകണമെന്ന് കേന്ദ്രം നിർദേശിച്ചിട്ടുണ്ടോ; കിഫ്ബിയിൽ നിന്ന് നിലവിൽ ഇതിന് ഫണ്ട് കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം ആണോ ഉള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതു രീതിയിൽ ഫണ്ട് കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | 1997-98 റെയിൽവേ ബജറ്റിലാണ് അങ്കമാലി-എരുമേലി-ശബരി പദ്ധതിക്ക് റെയിൽവേ ആദ്യം അനുമതി നൽകിയത്. കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ റയിൽവേക്കു സമർപ്പിച്ച പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 3810 കോടി രൂപയാണ്. പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെട്ടിരുന്നു. ആയതു സർക്കാരിന്റെ പരിശോധനയിലാണ്. നിലവിൽ പദ്ധതി കേന്ദ്ര സർക്കാർ മരവിപ്പിച്ചതിനാൽ മറ്റു പുരോഗതി ഒന്നും തന്നെ ഉണ്ടായിട്ടില്ല.<br>പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. അങ്കമാലി - എരുമേലി - ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാർ വിഹിതം നൽകാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; സംസ്ഥാന സർക്കാർ വിഹിതത്തിന്റെ കാര്യത്തിൽ ഉടനെ തീരുമാനം ഉണ്ടാകാത്തപക്ഷം മലയോര മേഖലയ്ക്ക് പ്രയോജനകരമായ പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെടാനുള്ള സാധ്യത ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | 1997-98 റെയിൽവേ ബജറ്റിലാണ് അങ്കമാലി-എരുമേലി-ശബരി പദ്ധതിക്ക് റെയിൽവേ ആദ്യം അനുമതി നൽകിയത്. കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ റയിൽവേക്കു സമർപ്പിച്ച പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 3810 കോടി രൂപയാണ്. പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെട്ടിരുന്നു. ആയതു സർക്കാരിന്റെ പരിശോധനയിലാണ്. നിലവിൽ പദ്ധതി കേന്ദ്ര സർക്കാർ മരവിപ്പിച്ചതിനാൽ മറ്റു പുരോഗതി ഒന്നു തന്നെ ഉണ്ടായിട്ടില്ല.<br>പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. അങ്കമാലി - എരുമേലി - ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. |
| (ഡി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്ക് ആകെ ചെലവ് എത്ര കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര കോടി രൂപയാണ് സംസ്ഥാനം നൽകേണ്ടതെന്നും നാളിതുവരെ ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ ചെലവഴിച്ചിട്ടുള്ള തുകയെത്രയെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം നൽകാമോ? | (ഡി) | അങ്കമാലി - എരുമേലി - ശബരി റെയിൽ പദ്ധതി പൂർണ്ണമായും ഒരു റെയിൽവേ പദ്ധതിയാണ്. എസ്റ്റിമേറ്റ് പുതുക്കാനും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കാനും മാത്രമാണ് നിലവിൽ റെയിൽവേ ബോർഡ് കെ.ആർ.ഡി.സി.എഎൽ-നെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും ദക്ഷിണ റെയിൽവേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 3810 കോടി രൂപയാണ് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിക്കു വേണ്ടി വരുന്ന ആകെ ചിലവ്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Transport Department - Construction of Angamaly - Erumeli Sabari Line - Request of Railways to share 50% of Project cost by State Government - Conceded - Orders issued.

## TRANSPORT (D) DEPARTMENT

81/45

KRDCL/37/2019-JC1

**G.O.(Ms)No.1/2021/TRANS** Dated,Thiruvananthapuram, 07/01/2021

Read 1 G. O (Ms) No.77/2015/Trans dated 27.11.2015

2 Letter No.93/W-1/Survey/SR/11 dated 23.01.2017, 12.10.2017 & 18.07.2019 from the Additional Member/Works, Railway Board, New Delhi.

## ORDER

Angamaly - Sabari Railway line (via) Erumely, was originally proposed in the 1997-98 Railway Budget, which is intended to pass through Ernakulam, Kottayam and Idukki districts.

2. The purpose of this project is to meet the travel needs of the increasing numbers of pilgrim from different parts of the country visiting the age old forest temple at Sabarimala and the over all development of the South Eastern parts of the state. Future extension of this line to Punalur in Kollam District will facilitate a third route to Tamil Nadu and Thiruvananthapuram.

3. When the work was commenced and in progress in Angamaly - Kaladi section, Railways made a turn around in the matter of funding demanding the State Government to share 50% of the cost of the project. As soon as such a proposal was mooted by Railways , the State Government had made it clear to both Government of India and the Railway Authorities, the States' inability to share the cost of the project.

4. Since this is a prestigious railway project in Kerala started as early as in 1997-98 and is remaining at its infancy, as per Government Order read above it was decided "in principle" to share 50% of the project cost of Angamaly-Erumeli, Sabari Rail project, with the Railways on condition that the mode of release of State's share to the project, including signing of a Memorandum of Understanding between the State Government and the Indian Railways, will be

done later.

5. Later on when bigger projects were identified for development, State Government has requested Union Government for treating this project as one of National importance based on the discussions held at the highest levels and to take up the entire project as one fully funded by the Ministry of Railways as was originally announced in the budget speech of 1997-98.

6. As per letter read above Member, Railway Board informed that the cost of the project estimated at the time of declaration was Rs. 517 Crores. However, due to increase in land cost and limited availability of funds for the ongoing new line projects, the project cost now comes to Rs.2815 crores. Hence it was requested to give the consent of Government of Kerala for cost sharing as agreed earlier in the year 2015 with the provision of sharing surplus revenue under the PPP route for stations, if any, after offsetting the cost of Operation & Maintenance (O&M) 80/45

7. Seeing the necessity of materialization of the project, the State Government considered the matter again and decided to share 50% of the total project cost (Rs. 2815 Crore) of Angamaly - Sabari railway project through KIIFB, subject to the condition that operations and maintenance of the track shall be done by the Ministry of Railways while the stations along the route will be developed by an SPV (through PPP route) and the net revenue realized by the SPV will be shared on a 50:50 basis between State Government and Ministry of Railways, after offsetting the cost of Operation & Maintenance (O&M) as agreed to by Railways.

(By order of the Governor)
**K R JYOTHILAL**
**PRINCIPAL SECRETARY**

To:

The Member Engineering, Railway Board, Ministry of Railways, Government of India, New Delhi

The Chief Administrative Officer (Construction), Southern Railway, Egmore, Chennai

The General Manager, Southern Railway, Chennai

The Chief Administrative Officer (Construction), Southern Railway, Ernakulam

The Chief Engineer,Construction, Southern Railway, Ernakulam

The District Collector, Ernakulam / Kottayam / Idukki

The General Administration (SC) Department (vide Item No. 4466 dated 06.01.2021)

The Finance Department (vide U. O No.140478/I&PW-A1/15-Fin dated 19.11.2018 & 19.02.2019)

The Revenue Department

The Information & Public Relations (Web & New Media) Department

Stock file / Office Copy

Forwarded /By order

Section Officer